# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2014 ഡിസംബർ 02 (ചൊവ്വ) -ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർ ക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 591/2014/സം.തി.ക. തീയതി, തിരുവനന്തപുരം, 2014 നവംബർ 17

പരാമർശം : 1. 2012 മേയ് 22-ലെ സ.ഉ.(അ) 136/2012/ത.സ്വ.ഭ.വ-ാം നമ്പർ സർക്കാർ വിജ്ഞാപനം.

2. 2012 ജൂലൈ 02-ലെ സ.ഉ.(അ) 185/2012/ത.സ്വ.ഭ.വ -ാം നമ്പർ സർക്കാർ വിജ്ഞാപനം.

**ഉത്തരവ്**

പരാമർശത്തിലെ വിജ്ഞാപനങ്ങൾ പ്രകാരം 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം ഉപചട്ടങ്ങൾക്ക് ഭേദഗതി വരുത്തിയതിന്റെയടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. പ്രസ്തുത സാഹചര്യത്തിൽ **2014 ഡിസംബർ 02 (ചൊവ്വ)** - ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെ
പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാൻ കാർഡ്
5. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
6. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്

**കെ. ശശിധരൻ നായർ,**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പോളിംഗ് സ്റ്റേഷനുകളുടെ പുന:ക്രമീകരണം - ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ രൂപീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================================

**നമ്പർ:559/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ഒക്ടോബർ 30**

=================================================================================

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്താൻ സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളുടെ അടിസ്ഥാന വിവരങ്ങൾ ബന്ധപ്പെട്ട വരണാധികാരികൾ, ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവർ മുഖാന്തിരം ശേഖരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനും മാറ്റംആവശ്യമുള്ളവ സംബന്ധിച്ച് വ്യക്തമായ ശുപാർശ കമ്മീഷന് സമർപ്പിക്കുന്നതിനും ജില്ലാതലത്തിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ കൺവീനറായും ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

**പി. ഗീത**
സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം,
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - സമയക്രമം പുതുക്കി നിശ്ചയിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ :557/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ഒക്ടോബർ 29**

==========================================================================

പരാമർശം:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014-ലെ 337/2014/സം.തി.ക.നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 31.07.2014-ലെ 390/2014/സം.തി.ക.നമ്പർ ഉത്തരവ്.

3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.08.2014-ലെ 444/2014/സം.തി.ക.നമ്പർ ഉത്തരവ്.

## **ഉത്തരവ്**

2015-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിനുള്ള സമയക്രമം പരാമർശം 3 പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചേർന്ന റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെയും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെയും യോഗത്തിന്റെ തീരുമാന പ്രകാരവും, തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യ പ്രകാരവും, ഫീൽഡ് വെരിഫിക്കേഷനുള്ള സമയപരിധി 15/11/2014 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. കൂടാതെ ഹൗസ് വേരിഫിക്കേഷൻ ആഫീസർമാർ ഫീൽഡ് വേരിഫിക്കേഷൻ പൂർത്തിയാക്കി ലഭ്യമാക്കുന്ന വിവരങ്ങൾ ഇലക്ട്രൽ രജിസ്ട്രേഷൻ ആഫീസർമാർ സൂക്ഷ്മമായി പരിശോധിച്ച്, കൃത്യത ഉറപ്പാക്കി 01.11.2014 മുതൽ ഡാറ്റാ എൻട്രി ആരംഭിച്ച് 29.11.2014 തീയതിയ്ക്കകം പൂർത്തിയാക്കേണ്ടതുമാണ്.

**പി. ഗീത**
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**ഒപ്പ്**

സെക്ഷൻ ഓഫീസർ

# **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച്തയ്യാറാക്കൽ - ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**നമ്പർ :552/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ഒക്ടോബർ 28**

================================================================

പരാമർശം:- (1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.08.2014-ലെ 445/2014/സം.തി.ക. നമ്പർ ഉത്തരവ്.

## **ഉത്തരവ്**

2015-ലെ പൊതുതിരഞ്ഞെടുപ്പിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോപതിച്ച് തയ്യാറാക്കുന്നതിന്റെ ഭാഗമായി അസംബ്ലി നിയോജക മണ്ഡലങ്ങളിലെ ഓരോ ബൂത്തിലെയും വോട്ടർപട്ടികകൾ ഭവനസന്ദർശനം നടത്തി പരിശോധിക്കുന്നതിനും വാർഡ്, വീട്ടുനമ്പരുകൾ ചേർക്കുന്നതിനും ബന്ധപ്പെട്ട ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 1,000/- രൂപാ നിരക്കിൽ ഓണറേറിയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, ഓരോ അസംബ്ലി ബൂത്തിലും 1000 മുതൽ 2000 വരെ വോട്ടർമാർ ഉൾപ്പെട്ടു വരുന്നുണ്ടെന്നും ഇത് പരിശോധിച്ച് വീട്ടുനമ്പരുകൾ ചേർക്കുന്നതിന് 500-ലധികം വീടുകൾ സന്ദർശിക്കേണ്ടി വരുന്നു- ണ്ടെന്നും അതിനാൽ നിലവിൽ ഉത്തരവായിട്ടുള്ള വേതനം വർദ്ധിപ്പിക്കണമെന്നും 23.10.2014-ൽ നടന്ന യോഗത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ആവശ്യപ്പെട്ടിരുന്നു. കൂടാതെ വിവിധ ജില്ലകളിൽ നിന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഒട്ടേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത്തരത്തിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ അസംബ്ലി ബൂത്തിലെയും വോട്ടർപട്ടിക പരിശോധിച്ച് വാർഡ്, വീട്ട് നമ്പരുകൾ ചേർക്കുന്നതിന് ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/-(രണ്ടായിരം രൂപ മാത്രം) നിരക്കിൽ ഓണറേറിയം അനുവദിച്ച് പരാമർശം (1)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. പ്രസ്തുത തുകയിൽ 1500/- രൂപാ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2015-00 -109-99-34 ഛഋ എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതും ബാക്കി 500/- രൂപാ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

**പി.ഗീത**
സെക്രട്ടറി

ഉത്തരവിൻ പ്രകാരം,
**ഒപ്പ്**

സെക്ഷൻ ഓഫീസർ

# <u>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ</u>

## തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - ജില്ലാതലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ :529/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ഒക്ടോബർ 20**

==========================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 21.07.2014 ലെ 369/2014/സം.തി.ക. നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെ-ടുത്തികൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ മോണിറ്റർ ചെയ്ത് കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറെ കൺവീനറായും ജില്ലാ ഇൻഫർമാറ്റിക് ആഫീസർ (എൻ.ഐ.സി), ജില്ലയിലെ മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ ഇലക്ട്രൽ രജിസ്ട്രേഷൻ ആഫീസർമാർ, കളക്ടറേറ്റിലെ ഇലക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

**പി. ഗീത**
സെക്രട്ടറി

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,എല്ലാ ജില്ലാ ഇൻഫർമാറ്റിക് ഓഫീസർമാർക്കും, എൻ.ഐ.സി., കളക്ടറേറ്റ്.
എല്ലാ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ ഇ.ആർ.ഒ-മാർ,ഇലക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്),ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് ഃ-

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം. ,എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.,എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യം)
എല്ലാ നോഡൽ ഓഫീസർമാർക്കും / സെക്ഷനുകൾക്കും,സീനിയർ ഫിനാൻസ് മാനേജർ / ലാ ഓഫീസർ
പി.ആർ.ഒ. / കൺസൾട്ടന്റ് ,കമ്പ്യൂട്ടർ പ്രോഗ്രാമർകമ്മീഷണറുടെ പി.എസ്./ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2014 ഒക്ടോബർ 14 (ചൊവ്വ) -ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 496/2014/സം.തി.ക. തീയതി, തിരുവനന്തപുരം, 2014 സെപ്റ്റംബർ 30

പരാമർശം : 1. 2012 മേയ് 22-ലെ സ.ഉ.(അ) 136/2012/ത.സ്വ.ഭ.വ-ാം നമ്പർ സർക്കാർ വിജ്ഞാപനം.

2. 2012 ജൂലൈ 02-ലെ സ.ഉ.(അ) 185/2012/ത.സ്വ.ഭ.വ -ാം നമ്പർ സർക്കാർ വിജ്ഞാപനം.

## ഉത്തരവ്

പരാമർശത്തിലെ വിജ്ഞാപനങ്ങൾ പ്രകാരം 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം ഉപചട്ടങ്ങൾക്ക് ഭേദഗതി വരുത്തിയതിന്റെയടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. പ്രസ്തുത സാഹചര്യത്തിൽ **2014 ഒക്ടോബർ 14 (ചൊവ്വ)** - ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെ പ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
8. പാസ്പോർട്ട്
9. ഡ്രൈവിംഗ് ലൈസൻസ്
10. പാൻ കാർഡ്
11. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
12. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്

**കെ. ശശിധരൻ നായർ,**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/കോട്ടയം/ എറണാകുളം/പാലക്കാട്/മലപ്പുറം/വയനാട്/കണ്ണൂർ

എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർ മുഖേന)

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - ജില്ലാതലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

**നമ്പർ : 469/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 സെപ്തംബർ 19**

==========================================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 21.07.2014 ലെ 369/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലത്തിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത മോണിറ്ററിംഗ് സമിതികളിൽ ജില്ലാ ഇൻഫർമാറ്റിക് ഓഫീസറിനേയും (NIC) അംഗമായി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശത്തിലെ ഉത്തരവ്, ഇതിനാൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**പി. ഗീത**

സെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമാറ്റിക് ഓഫീസർമാർക്കും, എൻ.ഐ.സി., കളക്ടറേറ്റ്.,എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യം),എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും,പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**ഒപ്**

സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം- 695 033, ഫോൺ - 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - ഹൗസ് വെരിഫിക്കേഷന് ചുമതലപ്പെടുത്തുന്നവരുടെ ഉദ്യോഗപ്പേര് മാറ്റുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

**നമ്പർ : 468/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 സെപ്തംബർ 19**

==========================================================================================

പരാമർശം: 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014-ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 31.07.2014-ലെ 390/2014/സം.തി.ക. നമ്പർ ഉത്തരവ്.

3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 31.07.2014 തീയതിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം.

4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.08.2014-ലെ 445/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുമ്പ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. അസംബ്ലി നിയോജകമണ്ഡലങ്ങളിലെ ബൂത്ത് അടിസ്ഥാനത്തിലാണ് വോട്ടർ പട്ടികകൾ ഭവനസന്ദർശനം നടത്തി വാർഡ്, വീട്ടു നമ്പരുകൾ ചേർക്കുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരെ ബൂത്ത്തല ഓഫീസർമാർ (BLO) എന്നാണ് നാമകരണം ചെയ്തിരുന്നത്. എന്നാൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികകൾ തയ്യാറാക്കൽ, വോട്ടെടുപ്പ് മുതലായ-തുമായി ബന്ധപ്പെട്ട വിവിധതരം പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗ-സ്ഥരെയും ബൂത്ത്തല ഓഫീസർമാർ (BLO) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ബൂത്ത് അടിസ്ഥാനത്തിലുള്ള വോട്ടർപട്ടിക വാർഡ് അടിസ്ഥാനത്തിൽ

പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വോട്ടർപട്ടികകൾ പറഞ്ഞിരിക്കുന്ന ഭവനങ്ങൾ സന്ദർശിച്ച് വോട്ടർമാരുടെ പുതിയ വാർഡുകളും വീട്ടു നമ്പരും രേഖപ്പെടുത്തുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ ബൂത്ത്തല ഓഫീസർമാർ എന്നതിനു പകരം ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ എന്നു നാമകരണം ചെയ്യുന്നത് ഉചിതമാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഭവനസന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥരുടെ ഉദ്യോഗപ്പേര് ബൂത്ത്തല ഓഫീസർ (BLO) എന്നതിന് പകരം **ഹൗസ് വെരിഫിക്കേഷൻ ഓഫീസർ** (HVO) എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവാക്കുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളിലേയും മറ്റു രേഖകളിലേയും ബൂത്ത്തല ഓഫീസർ എന്ന പരാമർശം ഹൗസ് വെരിഫിക്കേഷൻ ഓഫീസർ എന്നു തിരുത്തി വായിക്കേണ്ടതാണ്.

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്,ഡയറക്ടർ, നഗരകാര്യ വകുപ്പ്, കമ്മീഷണർ, ഗ്രാമവികസന വകുപ്പ് ,ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

ചീഫ് ഇലക്ടറൽ ഓഫീസർ, കേരള,സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.,ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും,എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ജില്ലാ ഇൻഫർമാറ്റിക് ഓഫീസർമാർക്കും, എൻ.ഐ.സി., കളക്ടറേറ്റ്.

നഗരകാര്യ വകുപ്പിലെ എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും.,എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം),അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം,കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

ഒപ്പ്

സെക്ഷൻ ഓഫീസർ

**PROCEEDINGS OF THE STATE ELECTION COMMISSION, KERALA,**

**THIRUVANANTHAPURAM.**

State Election Commission, Kerala – Printing of Paper Seals and Tags – Entrusting printing works to M/S. C-apt – Sanctioned – Orders issued.

---

No.463/2014/SEC. Dated, Thiruvananthapuram, 19.09.2014.

---

Read:- 1. Letter No. 3662/L/14/SEC dated 13.07.2014 from the State Election Commission, Kerala

2. Letter No. C-apt 4613/14/mkg dated 05.08.2014 of the Managing Director, C-apt. Thiruvananthapuram

3. State Election Commission letter of even no. dated 22.08.2014

4. Meeting convened on 28.08.2014 at the chamber of the Secretary, State Election Commission, Kerala

**O R D E R**

State Election Commission Kerala requires huge quantity of Paper Seals and Tags for the use in EVMs in the General Election 2015. Accordingly in the letter read as first paper above quotation was invited from M/S C-apt also.

As per letter read as 2nd paper above M/S. C-apt has furnished quotation including the detailed rate of printing of each items.

The offers were examined in detail and M/S. C-pat was invited for a discussion on the printing of the said Paper Seals and Tags.

In the meeting held on 28.08.2014 the rate of printing of each seals and tags for the next one year was negotiated to as follows.

| | |
|---|---|
| Green Paper Seal | Rs.0.65/Piece |
| Strip Seal | Rs.1.50/Piece |
| Special Tag | Rs.1.63/Piece |

| | |
|---|---|
| Address Tag (Both BU &CU) | Rs.1.27/Piece |

The representatives of M/S. C-apt has assured in the secrecy and the security of printing of the election materials. The final printing is to be done only after scrutiny of the specimen from State Election Commission. Quality is to be strictly maintained as per specimen enclosed with work orders.

The firm period of the negotiated rate is one year. M/S. C-apt is also entursted with the distribution of the said seals and tags to the different ditricts on actual cost basis

M/S. C-apt will enter into an agreement in this regard.

It is therfore decided to entrust the printing works in a phased manner to M/S. C-apt based on the above conditions.

P.Geetha

Secretary

To

M/s. C-apt, Head Office Complex, Vattiyoorkavu, Thiruvananthapuram – 695 013

The Principal Accountant General, (A&E)/(Audit), Kerala, Thiruvananthapuram.

The Sub Treasury Officer, Vellayambalam, Thiruvananthapuram.

Stock File / Office copy.

Forwarded / By Order,

Sd/-

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## തിരുവനന്തപുരം

നമ്പർ: 6277/ബി/2014/സം.തി.ക. തീയതി: 30.08.2014

## സർക്കുലർ

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010-ൽ നടന്ന പൊതു തിരഞ്ഞെടുപ്പും അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളും - വിവിധ ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പുറത്തെടുത്ത് - രേഖകൾ നശിപ്പിക്കുന്നതിനുള്ള ഉത്തരവ് - സംബന്ധിച്ച്.

08.07.2013-ൽ എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാലാവധി കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പുറത്തെടുത്ത് അതിലെ വിവരം നശിപ്പിക്കുകയാണെങ്കിൽ അത്തരം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വീണ്ടും ഉപയോഗിക്കുന്നതിന് സാധിക്കുന്നതിനാൽ, അത്തരം മെഷീനുകൾ സബ് ട്രഷറിയിൽ നിന്നും പുറത്തെടുത്ത് അവയിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ നശിപ്പിക്കാൻ അനുവാദം നൽകണമെന്ന് എറണാകുളം ജില്ലാ കളക്ടർ കമ്മീഷണറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. നിയമാനുസൃതം സൂക്ഷിക്കേണ്ട കാലാവധി കഴിഞ്ഞിട്ടും ട്രഷറികളിൽ സൂക്ഷിച്ചിരിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പല ജില്ലകളിലേയും ജില്ലാ ട്രഷറികളിലും/സബ്ട്രഷറികളിലും സൂക്ഷിച്ചു വയ്ക്കുന്നത് 2015-ൽ നടത്തേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനാവശ്യമായ പല രേഖകളും സുരക്ഷിതമായ സൂക്ഷിപ്പിൽ വെക്കുന്നതിന് തടസ്സം ഉണ്ടാകും എന്ന് കാണുന്നതിനാൽ അപ്രകാരമുള്ള സ്ഥലപരിമിതി ഒഴിവാക്കുന്നതിനായി ഫലപ്രഖ്യാപന തീയതി മുതൽ ഒരു വർഷക്കാലയളവിനുശേഷം കോടതി കേസുമായി ബന്ധപ്പെട്ടവ ഒഴികെയുള്ള 2010-ലെ പൊതുതിരഞ്ഞെടുപ്പിലും അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളിലും ഉപയോഗിച്ച ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പുറത്തെടുത്ത് അതിലെ വിവരം നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽ അപാകതയില്ലാത്തതിനാൽ 2010-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിന് ഉപയോഗിച്ച ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾക്കും കൂടാതെ അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളിലെ ഒരു വർഷകാലാവധി കഴിഞ്ഞതും, എന്നാൽ കോടതി കേസുമായി ബന്ധപ്പെട്ടവ ഒഴികെയുള്ള, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും പുറത്തെടുക്കുന്നതിനും അവയിലെ വിവരം നശിപ്പിക്കുന്നതിനും അനുമതി നൽകുന്നു. അപ്രകാരം പുറത്തെടുക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിവരം കമ്മീഷനെ അറിയിക്കേണ്ടതും അതിന്റെ വിവരം പ്രത്യേകം സൂക്ഷിക്കേണ്ടതുമാണ്.

**കെ. ശശിധരൻ നായർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർ മുഖേന)

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് -തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ-ബൂത്തുതല ഓഫീസർമാർക്കുള്ള ഓണറേറിയം അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ : 445/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ആഗസ്റ്റ് 30**

==========================================================================

പരാമർശം:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014-ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.08.2014-ലെ 444/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 146-ാം വകുപ്പിലെയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 83-ാം വകുപ്പിലെയും വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 01.01.2014 യോഗ്യതാ തീയതിയായി നിശ്ചയിച്ച് തയ്യാറാക്കിയിട്ടുള്ള നിയമസഭാ നിയോജകമണ്ഡലങ്ങളിലെ ഫോട്ടോ പതിച്ച വോട്ടർ പട്ടികകൾ ബൂത്തുതലത്തിൽ വെരിഫിക്കേഷൻ നടത്തി പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിലെ / വാർഡുകളിലെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം തീരുമാനിച്ച് ഉത്തരവായിരുന്നു.ഇപ്രകാരമുള്ള വെരിഫിക്കേഷൻ, 1.10.2014 മുതൽ 31.10.2014 വരെയുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ ഓരോ ബൂത്തിലെയും വോട്ടർപട്ടികകൾ ഭവനസന്ദർശനം നടത്തി പരിശോധിക്കുന്നതിനും വാർഡ്, വീട്ടുനമ്പരുകൾ ചേർക്കുന്നതിനും ബന്ധപ്പെട്ട ബൂത്തുതല ഓഫീസർമാർക്ക് 1,000/- രൂപാ നിരക്കിൽ ഓണറേറിയം അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ബൂത്തുതല ഓഫീസർമാർക്കുള്ള ഓണറേറിയം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുഖേന വിതരണം ചെയ്യേണ്ടതും അക്വിറ്റൻസ് കളക്ടറേറ്റുകളിൽ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട ചെലവുകൾ "2015-00-109-99-34-മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**പി. ഗീത**

സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും,എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം),അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം,കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

ഒപ്പ്

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**നമ്പർ : 444/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ആഗസ്റ്റ് 30**

================================================================================

പരാമർശം:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014-ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 31.07.2014-ലെ 390/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടിക ഫോട്ടോ പതിച്ച് തയ്യാറാക്കാൻ തീരുമാനിച്ച് പരാമർശം (1) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനോടൊപ്പം അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ 17-ാമത് ഇനമായി ചേർത്തിട്ടുള്ള സമയക്രമം ചുവടെ ചേർക്കും വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| | |
|---|---|
| • കളക്ടറേറ്റുകളിലെ ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി കളക്ടർമാർ, സൂപ്രണ്ടുമാർ / ഹെഡ്ക്ലാർക്കുമാർ, സെക്ഷൻ അസിസ്റ്റന്റുമാർ എന്നിവർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ വച്ച് പരിശീലനം | 18.09.2014<br>11.00 AM |
| • ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വിളിച്ച് ചേർക്കുന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ / അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, സെക്ഷൻ ക്ലാർക്കുകൾ എന്നിവർക്കുള്ള ജില്ലാതല പരിശീലനം | 20.09.2014 മുതൽ<br>25.09.2014 വരെ |

| | |
|---|---|
| • ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ബുത്തുതല ഓഫീസർമാർക്ക് നടത്തുന്ന പരിശീലനം | 26.09.2014 മുതൽ 30.09.2014 വരെ |
| • ബൂത്തുതല ഓഫീസർമാർ ഭവന സന്ദർശനം നടത്തി വോട്ടർപട്ടിക പരിശോധിക്കുന്നത് | 01.10.2014 മുതൽ 31.10.2014 വരെ |
| • ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഡാറ്റാ എൻട്രി പൂർത്തിയാക്കേണ്ടത് | 20.11.2014 |
| • ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വാർഡുതല വോട്ടർപട്ടിക പോളിംഗ് ബൂത്തുതലത്തിൽ ക്രമീകരിക്കൽ | 29.11.2014 |
| • കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | കമ്മീഷൻ നിശ്ചയിക്കുന്ന തീയതി |

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്,ഡയറക്ടർ, നഗരകാര്യ വകുപ്പ്,കമ്മീഷണർ, ഗ്രാമവികസന വകുപ്പ് ,ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

ചീഫ് ഇലക്ടറൽ ഓഫീസർ, കേരള,സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.,ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും,എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,നഗരകാര്യ വകുപ്പിലെ എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം),അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം,കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

ഒപ്പ്

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

**നമ്പർ : 390/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂലൈ 31**

==================================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014-ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കാൻ തീരുമാനിച്ച് പരാമർശ പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനോടൊപ്പം അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ 3-ാമത് ഇനമായി ചേർത്തിട്ടുള്ളവ ചുവടെ ചേർക്കും വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"അസംബ്ലി നിയോജമണ്ഡലത്തിലെ പോളിംഗ് ബൂത്ത് തലത്തിലുള്ള വോട്ടർ പട്ടികകൾ പരിശോധിക്കുന്നതിനായി ഓരോ ബൂത്തിലേക്കും ഒരു അംഗൻവാടി വർക്കറേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ജീവനക്കാരെയോ നിയോഗിക്കുന്നതിന്, ബന്ധപ്പെട്ടയാളുകളുടെ പേര് വിവരവും ഓരോരുത്തർക്കും ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്ന പോളിംഗ് ബൂത്തിന്റെയും വിവരങ്ങൾ തയ്യാറാക്കി, ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് നിശ്ചിത മാതൃകയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്."

കൂടാതെ, പരാമർശം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ 17-ാം ഇനത്തിലെ സമയക്രമത്തിൽ മാറ്റം ആവശ്യമുള്ളതിനാൽ അവ ഭേദഗതി വരുത്തി ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, ഡയറക്ടർ, നഗരകാര്യ വകുപ്പ്,കമ്മീഷണർ, ഗ്രാമവികസന വകുപ്പ് ,ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

ചീഫ് ഇലക്ടറൽ ഓഫീസർ, കേരള,സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.,ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും,എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,നഗരകാര്യ വകുപ്പിലെ എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

ഒപ്പ്

സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ- 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**നമ്പർ : 370/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂലൈ 21**

================================================================================

പരാമർശം:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014 ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 21.07.2014 ലെ 369/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ ഫോട്ടോ പതിച്ച വോട്ടർ പട്ടികകൾ ബൂത്ത് തലത്തിൽ വെരിഫിക്കേഷൻ നടത്തി പുതിയ വാർഡ് / വീട്ട് നമ്പരുകൾ ചേർത്ത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിലേയ്ക്ക് / വാർഡുകളിലേയ്ക്ക് ക്രമീകരിച്ചാണ് അവ തയ്യാറാക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരം ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കുന്ന പ്രക്രിയ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സമയബന്ധിത-മായും കൃത്യതയോടും പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാതലത്തിലും മേഖലാ തലത്തിലും മോണിറ്റർ ചെയ്ത് പുരോഗതി റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കുന്നതിന് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, ഓരോ ജില്ലയിലേയും പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ചുവടെ ചേർക്കുംവിധം ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

. . . 2/-

1) ശ്രീ. കെ.വി. പൃഥ്വിരാജ്, അഡീഷണൽ സെക്രട്ടറി - കൺവീനർ

2) ശ്രീ. റോയി ഫ്രാൻസിസ് ജോസഫ്, അഡീഷണൽ സെക്രട്ടറി & സീനിയർ എ.ഒ.

3) ശ്രീ. ഫ്രാൻസിസ് ഡിക്രൂസ്, അഡീഷണൽ സെക്രട്ടറി

4) ശ്രീ. കെ.വി. മുരളീധരൻ, അഡീഷണൽ സെക്രട്ടറി

5) ശ്രീ. ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി(പി)

6) ശ്രീ. സി. രാധാകൃഷ്ണക്കുറുപ്പ്, ജോയിന്റ് സെക്രട്ടറി(എം)

7) ശ്രീ. കെ. ടി. ജോർജ്ജ്, കമ്മീഷണറുടെ പി.എ.

8) ശ്രീ. എൻ. ഇ. മേഘനാഥ്, കൺസൾട്ടന്റ്

9) ശ്രീ. കെ. എസ്. സുരേഷ്കുമാർ, സെക്ഷൻ ഓഫീസർ (ഇലക്ഷൻ)

10) ശ്രീമതി. എം.എസ്. ശ്രീകല, സെക്ഷൻ ഓഫീസർ (ഭരണം)

11) ശ്രീ. എം. ഷാജഹാൻ, അസിസ്റ്റന്റ്

12) ശ്രീ. മഞ്ചിത്ത്, കംപ്യൂട്ടർ പ്രോഗ്രാമർ

**പി. ഗീത**

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – 2015 ലെ പൊതുതിരഞ്ഞെടുപ്പ് – തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ – ജില്ലാതലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ – ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================================

**നമ്പർ : 369/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂലൈ 21**

=================================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.07.2014 ലെ 337/2014/സം.തി.ക. നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ച് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 01.01.2014 യോഗ്യതാ തീയതിയായി നിശ്ചയിച്ച് തയ്യാറാക്കി-യിട്ടുള്ള നിയമസഭാ നിയോജക മണ്ഡലങ്ങളിലെ ഫോട്ടോ പതിച്ച വോട്ടർ പട്ടികകൾ ബൂത്ത് തലത്തിൽ ഓഫീസർമാരെ നിയോഗിച്ച് വെരിഫിക്കേഷൻ നടത്തി പുതിയ വാർഡ് / വീട്ട് നമ്പരുകൾ ചേർത്ത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിലേയ്ക്ക് / വാർഡുകളിലേയ്ക്ക് ക്രമീകരിച്ചാണ് അവ തയ്യാറാക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരം ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കുന്ന പ്രക്രിയ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സമയബന്ധിതമായും കൃത്യതയോടും പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാതലത്തിലും മേഖലാ തലത്തിലും മോണിറ്റർ ചെയ്ത് പ്രവർത്തന പുരോഗതി വിലയിരുത്തി റിപ്പോർട്ട് കമ്മീഷന് ലഭിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഓരോ ജില്ലയിലേയും വോട്ടർപട്ടികകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഓരോ ആഴ്ചയിലും കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ കളക്ടറേറ്റിലെ ഇലക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലർക്ക് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ ഓരോ മോണിറ്ററിംഗ് സമിതി രൂപീകരിച്ചും മുനിസിപ്പാലിറ്റി /

. . . 2/-

കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**പി. ഗീത**

സെക്രട്ടറി

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യം)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്)

പകർപ്പ് :-

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.,ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും,സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സർവെയും ഭൂരേഖയും വകുപ്പ് മുഖേന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ രാഷ്ട്രീയ ഭൂപടം തയ്യാറാക്കുന്നത് - പ്രവർത്തനങ്ങളുടെ ഏകോപനം - നോഡൽ ഓഫീസറുടെ നാമനിർദ്ദേശവും ഹെൽപ് ഡെസ്ക് രൂപീകരണവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ : 351/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂലൈ 10**

==========================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 18.06.2014 ലെ 311/2014/സം.തി.ക. നമ്പർ ഉത്തരവ്.

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സർവെയും ഭൂരേഖയും വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത്, നഗരകാര്യ, ഗ്രാമവികസന വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും സഹായത്തോടെ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2010 ലെ വാർഡു വിഭജന ഉത്തരവുകൾക്ക് വിധേയമായി സംസ്ഥാനത്തെ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും രാഷ്ട്രീയ ഭൂപടം തയ്യാറാക്കാൻ പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും ശ്രീ. ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി (പി)-യെ നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്തും (0471-2325058, 9447780516) ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ചും ഉത്തരവാകുന്നു.

1. ശ്രീ. കെ. സന്തോഷ് കുമാർ, പി.ആർ.ഒ., സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (0471-2321233, 9446392053)
2. ശ്രീ. കെ.വി. പൃഥ്വിരാജ്, അഡീഷണൽ സെക്രട്ടറി, സം.തി.ക. (0471-2334734, 9446133414)
3. ശ്രീ. എം. ഷാജഹാൻ, അസിസ്റ്റന്റ് (0471-2325048, 9446458840)
4. ശ്രീ. എസ്. മഞ്ചിത്ത്, കമ്പ്യൂട്ടർ പ്രോഗ്രാമർ (0471-2325048, 9846040739)

**പി. ഗീത**
സെക്രട്ടറി

ഡയറക്ടർ, സർവെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം.
ശ്രീ. ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി (പി),ശ്രീ. കെ. വി. പൃഥ്വിരാജ്, അഡീഷണൽ സെക്രട്ടറി
ശ്രീ. കെ. സന്തോഷ് കുമാർ, പി.ആർ.ഒ.,ശ്രീ. എം. ഷാജഹാൻ, അസിസ്റ്റന്റ്,ശ്രീ. എസ്. മഞ്ചിത്ത്, കമ്പ്യൂട്ടർ പ്രോഗ്രാമർ
ഓഫീസ് കോപ്പി, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**

സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ - 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സർവെയും ഭൂരേഖയും വകുപ്പ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രാഷ്ട്രീയ ഭൂപടം തയ്യാറാക്കുന്നത് - ഏകോപന സമിതി രൂപീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**നമ്പർ : 350/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂലൈ 10**

================================================================================

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 18.06.2014 ലെ 311/2014/സം.തി.ക. നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സർവെയും ഭൂരേഖയും വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത്, നഗരകാര്യ, ഗ്രാമവികസന വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും സഹായത്തോടെ, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2010 ലെ വാർഡു വിഭജന ഉത്തരവുകൾക്ക് വിധേയമായി സംസ്ഥാനത്തെ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും രാഷ്ട്രീയ ഭൂപടം തയ്യാറാക്കാൻ പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ ഏകോപനത്തിനുമായി ബന്ധപ്പെട്ട വകുപ്പുകളേയും ഏജൻസികളേയും ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പ്രകാരം ഒരു ഏകോപന സമിതി (Co-ordination Committee) രൂപീകരിച്ച് ഉത്തരവാകുന്നു.

1. സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - കൺവീനർ
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, സർവെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
5. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം
8. ജോയിന്റ് സെക്രട്ടറി (പി), സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, സർവെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.,കമ്മീഷണർ ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം ,ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.,ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം,ജോയിന്റ് സെക്രട്ടറി (പി), സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015 ലെ പൊതുതിരഞ്ഞെടുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ : 337/2014/സം.തി.ക. തീയതി, തിരുവനന്തപുരം, 2014 ജൂലൈ 3**

==========================================================================

പരാമർശം: 1. കേരള ചീഫ് ഇലക്ടറൽ ഓഫീസറുടെ 26.09.2011 ലെ 4363/ഇ.എൽ.3/2011/ ഇലക്ഷൻ നമ്പർ കത്ത്.
2. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, NIC യുടെ 18.02.2012 ലെ NIC/KLSC/ELECTION/169 നമ്പർ കത്ത്.
3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച് ചേർത്ത എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും 14.05.2014 ലെ യോഗം.
4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച് ചേർത്ത വകുപ്പ് മേധാവികളുടെ 9.06.2014 ലെ യോഗം.

## ഉത്തരവ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആലോചിക്കുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയ്ക്ക് കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ 2012 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പൊതു തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കി ഉപയോഗിച്ചതിനാൽ അവയുടെ കൃത്യത ഉറപ്പാക്കി നീതിയുക്തമായ തിരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർ പട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ ആരംഭിക്കുകയുണ്ടായി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 2014 ലെ പാർലമെന്റ് തിരഞ്ഞെ ടുപ്പിൽ ഉപയോഗിച്ച ഫോട്ടോ പതിച്ച വോട്ടർപട്ടികയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ നിയോജകമണ്ഡലങ്ങൾക്കനുസൃതമായി വോട്ടർപട്ടികകൾ തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും നിയോജകമണ്ഡലങ്ങളെ അടിസ്ഥാനമാക്കിയുള്ള വോട്ടർപട്ടികകൾ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുന്നത് അടുത്ത പൊതു തിരഞ്ഞെടുപ്പിനും തുടർന്നു വരുന്ന ഉപതിരഞ്ഞെടുപ്പുകൾക്കും അനിവാര്യമാണെന്ന് കമ്മീഷൻ കരുതുന്നു.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 16 മുതൽ 28 വരെ വകുപ്പുകളിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 72 മുതൽ 84 വരെ വകുപ്പുകളിലും 1994 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപട്ടിക തയ്യാറാക്കലും പുതുക്കലും സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 146-ാം വകുപ്പിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 83-ാം വകുപ്പിലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ആവശ്യമാണെന്ന് അത് കരുതുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി ഒരു കണക്കെടുപ്പ് നടത്താതെ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പ്രാബല്യത്തിലുള്ള വോട്ടർപട്ടിക സ്വീകരിച്ചുകൊണ്ട് പഞ്ചായത്തുകളിലെ / മുനിസിപ്പാലിറ്റികളിലെ നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടികകൾ തയ്യാറാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്ന ആവശ്യത്തിലേയ്ക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടികകൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബേസ് ലഭ്യമാക്കാമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം കേരള ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) പരാമർശം (2) പ്രകാരം, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമസഭാ നിയോജക മണ്ഡലങ്ങളിലെ ഫോട്ടോ പതിച്ച വോട്ടർപട്ടികകൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ വോട്ടർ പട്ടികകൾ ഫോട്ടോപതിച്ച് തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുവാൻ സന്നദ്ധമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

4. കഴിഞ്ഞ കുറെ വർഷങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെ- ടുപ്പുകൾക്ക് ഉപയോഗിച്ചു വരുന്ന വോട്ടർപട്ടികകൾ, അവ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ സ്ഥിര നമ്പരുകളുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിരിക്കുന്നതെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടികകൾ, ഭവനസന്ദർശനം നടത്തി വോട്ടർമാരുടെ വിവരങ്ങൾ പരിശോധിച്ച് പുതിയ വാർഡ് / വീട്ട് നമ്പരുകൾ ചേർക്കുന്നതിന് ഓരോ ബൂത്ത് തലത്തിലും ഒരു ഓഫീസറെ നിയോഗിക്കുന്നതിനും ഇത്തരത്തിൽ രേഖപ്പെടുത്തുന്ന പുതിയ വീട്ട് നമ്പരുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ വോട്ടർ പട്ടികകൾ ക്രമീകരിക്കുന്നതിനെക്കുറിച്ചും കമ്മീഷൻ ആലോചിക്കുകയുണ്ടായി. 2015 ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 14.05.2014 ൽ കമ്മീഷൻ വിളിച്ച് ചേർത്ത എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും യോഗം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിക്കാമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 09.06.2014-ൽ വിളിച്ചു ചേർത്ത വിവിധ വകുപ്പ് മേധാവികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയും മേൽപറഞ്ഞ പ്രകാരം ക്രമീകരണം വരുത്തി വോട്ടർപട്ടികകൾ തയ്യാറാക്കു- ന്നതുമൂലം അവയുടെ കൃത്യത ഉറപ്പുവരുത്താനും സുഗമവും സുതാര്യവുമായ തിരഞ്ഞെടുപ്പ് നടത്താനും കഴിയുമെന്ന് പ്രസ്തുത അധികാരികൾ അറിയിക്കുകയും ചെയ്തു.

. . . 3/-

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 146-ാം വകുപ്പിലെയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 83-ാം വകുപ്പിലെയും വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 01.01.2014 യോഗ്യതാ തീയതിയായി നിശ്ചയിച്ച് തയ്യാറാക്കിയിട്ടുള്ള നിയമസഭാ നിയോജകമണ്ഡലങ്ങളിലെ ഫോട്ടോ പതിച്ച വോട്ടർപട്ടികകൾ ബൂത്ത് തലത്തിൽ വെരിഫിക്കേഷൻ നടത്തി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിലെ / വാർഡുകളിലെ വോട്ടർ പട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ച് ഉത്തരവാകുന്നു. ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധത്തിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
} കെട്ടിടങ്ങൾക്ക് പുതിയ നമ്പരുകൾ നൽകുന്ന പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് വകുപ്പുതലത്തിൽ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
ചീഫ് ഇലക്ടറൽ ഓഫീസർ, കേരള
സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
നഗരകാര്യ വകുപ്പിലെ എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും / ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കൽ – മാർഗ്ഗ നിർദ്ദേശങ്ങൾ

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 2014 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉപയോഗിച്ച നിയമസഭാ നിയോജക മണ്ഡലങ്ങളിലെ വോട്ടർപട്ടികകളിൽ പുതിയ വാർഡ്, വീട്ടു നമ്പരുകൾ ചേർക്കുന്നതിന് ആവശ്യമായ കോളം ഉൾപ്പെടുത്തി ബൂത്തു തലത്തിലുള്ള വോട്ടർപട്ടികകൾ എൻ.ഐ.സി. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കണം.

2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാക്കുന്ന വോട്ടർപട്ടികകളുടെ പ്രിന്റ് എടുത്ത് (Hard Copy) ബൂത്ത് തലത്തിൽ വെരിഫിക്കേഷന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

3. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ബൂത്ത് തലത്തിലുള്ള വോട്ടർ പട്ടികകൾ പരിശോധിക്കുന്നതിന് ഓരോ ബൂത്തിലേയ്ക്കും ഒരു ഉദ്യോഗസ്ഥനെ വീതം നിയോഗിക്കേണ്ടതാണ്. ഇതിലേയ്ക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും കീഴിൽ വരുന്ന അംഗൻവാടി ടീച്ചർമാരെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയോ നിയമിച്ച്ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകി അംഗീകാരം വാങ്ങേണ്ടതാണ്.

4. മേൽപ്പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ അവരുടെ സാധാരണ ഡ്യൂട്ടിക്ക് പുറമെയാണ് വെരിഫിക്കേഷൻ നടത്തേണ്ടത്. ഈ ജോലികൾ അവധി ദിവസങ്ങളിലും ഓഫീസ് പ്രവർത്തന സമയമല്ലാത്തപ്പോഴുമാണ് ചെയ്യേണ്ടത്.

5. മേൽപറഞ്ഞ പ്രകാരം ലഭ്യമാക്കിയ ബൂത്ത് തല വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വോട്ടർമാരുടേയും വീടുകൾ വെരിഫിക്കേഷന് ചുമതലപ്പെടുത്തിയിട്ടുള്ളവർ സന്ദർശിക്കുകയും വോട്ടർമാരുടെ പേര് വിവരം തിരിച്ചറിഞ്ഞ് പട്ടികയിൽ ഓരോരുത്തരുടേയും കോളത്തിൽ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നൽകിയിട്ടുള്ള പുതിയ വാർഡ് നമ്പരും വീട്ടുനമ്പരും ചേർക്കേണ്ടതാണ്.

6. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ള വോട്ടർപട്ടികയിലെ വോട്ടർമാർ തൊട്ടടുത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അതിർത്തിയിലാണ് വരുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേരും കൂടി വീട്ടു നമ്പരിനോടൊപ്പം ചേർക്കണം.

7. കേന്ദ്രകമ്മീഷന്റെ ബൂത്ത് തലത്തിലുള്ള പട്ടികകളിലെ മുഴുവൻ വോട്ടർമാരുടേയും പേരുകൾ ഇത്തരത്തിൽ പരിശോധിച്ച് നമ്പരുകൾ ചേർക്കേണ്ടതാണ്. യാതൊരു കാരണവശാലും പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളവർ വോട്ടർമാരെ ഒഴിവാക്കുകയോ പുതിയതായി കൂട്ടിച്ചേർക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

. . . 2/-

8. മേൽപറഞ്ഞ പ്രകാരം വെരിഫിക്കേഷൻ നടത്തുമ്പോൾ ലഭ്യമാക്കിയ വോട്ടർപട്ടികയിൽ അനുബന്ധമായി ചേർത്തിട്ടുള്ള 'കൂട്ടിച്ചേർത്ത പട്ടിക'യിലെ വോട്ടർമാരെ കൂടി വെരിഫൈ ചെയ്ത് നമ്പരുകൾ ചേർക്കേണ്ട താണ്. എന്നാൽ ഒഴിവാക്കപ്പെട്ട പട്ടികയിലുള്ളവരുടെ പേരിന് നേരെ ഒറിജനൽ പട്ടികയിൽ deleted എന്ന് മാർക്ക് ചെയ്യണം.

9. വെരിഫിക്കേഷന് വിധേയമാക്കുന്ന പട്ടികയിലുള്ള വോട്ടർമാരിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടെങ്കിൽ അവ രുടെ പേര് വിവരം പ്രത്യേകം ലിസ്റ്റ് ചെയ്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ ഏൽപ്പിക്കേണ്ടതാ ണ്. ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പ്രസ്തുത ലിസ്റ്റിൻമേൽ നിയമാനുസൃത തുടർനടപടി സ്വീകരിക്കേണ്ടതാണ്.

10. മേൽസൂചിപ്പിച്ച പ്രകാരം നടത്തുന്ന വെരിഫിക്കേഷൻ ഒരു നിശ്ചിത കാലയളവിൽ പൂർത്തിയാക്കുകയും ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓരോ ആഴ്ചയിലും പുരോഗതി വിലയിരുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതുമാണ്.

11. വെരിഫിക്കേഷൻ പൂർത്തിയാക്കിയ വോട്ടർപട്ടിക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ തിരികെ ഏൽപ്പിക്കേണ്ടതും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

12. വെരിഫിക്കേഷൻ പൂർത്തിയാക്കിയ വോട്ടർപട്ടികകളിൽ പുതിയതായി രേഖപ്പെടുത്തിയ കെട്ടിട നമ്പരുകൾ ഡാറ്റാ എൻട്രി വരുത്തി ഓൺലൈനിലൂടെ എൻ.ഐ.സി.യ്ക്ക് ലഭ്യമാക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേ ഷൻ ഓഫീസർമാർ പഞ്ചായത്തുകളിൽ / മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ്മാ രുടെയോ മറ്റ് ജീവനക്കാരുടെയോ സേവനം വിനിയോഗിക്കേണ്ടതാണ്.

13. പുതിയ വീട്ടുനമ്പരുകൾ ചേർത്ത് കിട്ടുന്ന വോട്ടർ പട്ടികകൾ എൻ.ഐ.സി. ഓരോ പഞ്ചായത്തിന്റെയും നിലവിലെ വാർഡു തലത്തിലും വീട്ടുനമ്പർ ക്രമത്തിലും ക്രമീകരിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീ സർമാർക്ക് ഓൺലൈനിലൂടെ ലഭ്യമാക്കണം.

14. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവ പരിശോധിച്ച് കൃത്യത ഉറപ്പാക്കണം. കൂടാതെ, ഇത്തരത്തിൽ ലഭ്യമാക്കുന്ന വോട്ടർപട്ടികകൾ ഓരോ വാർഡിലും ഉൾപ്പെട്ടുവരുന്ന പോളിംഗ് ബൂത്തുകൾക്കനുസരിച്ച് ഭാഗ ങ്ങളാക്കുകയും ഓരോ പോളിംഗ് ബൂത്ത് പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന വീട്ടു നമ്പരുകൾ തന്നെയാണ് പ്രസ്തുത ഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കുകയും അവയുടെ വിവരണം നിശ്ചിത ഫാറത്തിൽ വോട്ടർപട്ടികയുടെ ആമുഖമായി ചേർക്കേണ്ടതുമാണ്.

15. ഇത്തരത്തിൽ ക്രമീകരിക്കുന്ന വോട്ടർ പട്ടികകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയ തിയിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരടായി പ്രസിദ്ധീകരിക്കണം.

. . . 3/-

16. നിശ്ചിത സമയത്തിനകം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഹിയറിംഗ് നടത്തി പട്ടികയിൽ ഭേദഗതികൾ വരുത്തേണ്ടതും കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ അന്തിമപട്ടികയായി പ്രസിദ്ധീകരിക്കുകയും വേണം.

17. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ചുവടെ ചേർക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

- ❖ നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർപട്ടികകൾ എൻ.ഐ.സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നത് - 30.07.2014
- ❖ ജില്ലാ കളക്ടർമാർ ഇ.ആർ.ഒ.മാരുടെയും അസിസ്റ്റന്റ് ഇ.ആർ.ഒ.മാരുടെയും യോഗം വിളിക്കുന്നത് - 02.08.2014
- ❖ വെരിഫിക്കേഷന് ചുമതലപ്പെടുത്തുന്നവരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - 05.08.2014
- ❖ വെരിഫിക്കേഷനുവേണ്ടി വോട്ടർപട്ടികകൾ ഇ.ആർ.ഒ.മാർ നൽകേണ്ടത് - 11.08.2014
- ❖ വെരിഫിക്കേഷൻ പൂർത്തിയാക്കി തിരികെ ഇ.ആർ.ഒ.മാർക്ക് സമർപ്പിക്കേണ്ടത് - 12.09.2014
- ❖ പുതിയ വീട്ടുനമ്പരുകൾ ഡാറ്റാ എൻട്രി വരുത്തി ഇ.ആർ.ഒ.മാർ എൻ.ഐ.സി.ക്ക് ലഭ്യമാക്കേണ്ടത് - 30.09.2014
- ❖ എൻ.ഐ.സി. വാർഡ് തലത്തിൽ ക്രമീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് - 10.10.2014
- ❖ ഇ.ആർ.ഒ.മാർ പോളിംഗ് ബൂത്ത് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് - 20.10.2014
- ❖ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് - (കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ)
- ❖ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് - (കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ)

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2015 - സർവെ വകുപ്പ് മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം തയ്യാറാക്കലും മാർഗ്ഗ നിർദ്ദേശങ്ങളും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ : 311/2014/സം.തി.ക.** **തീയതി, തിരുവനന്തപുരം, 2014 ജൂൺ 18**

==========================================================================

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 09.06.2014, 10.06.2014, 11.06.2014 തീയതികളിൽ വകുപ്പ് മേധാവികളുമായി നടത്തിയ യോഗങ്ങൾ.

## ഉത്തരവ്

2010 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് വിഭജനം നടത്തുകയുണ്ടായി. പ്രസ്തുത വാർഡു വിഭജനവുമായി ബന്ധപ്പെട്ട് മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഭൂപടങ്ങൾ നിശ്ചിത സ്കെയിലിലല്ല തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ, ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം അവയുടെ ഭൂപ്രദേശം ഉൾക്കൊള്ളുന്ന ആകൃതിയിലുമല്ല തയ്യാറാക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ 2010 ൽ പുറപ്പെടുവിച്ചിട്ടുള്ള വാർഡു വിഭജന ഉത്തരവുകളിലെ അനുബന്ധം V-ൽ വ്യക്തമാക്കിയിരുന്ന അതിർത്തികൾ, ബന്ധപ്പട്ട സ്ഥാപനത്തിന്റെ ഭൂപടത്തിൽ കൃത്യതയോടു കൂടി അടയാളപ്പെടുത്തേണ്ടതുണ്ട്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ ശാസ്ത്രീയമായി ഭരണപരവും അക്കാദമിക് മേഖലകളിലെ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിലും തരത്തിലും ഒരു അടിസ്ഥാന ഭൂപടം (Base Map) എന്ന നിലയിലുമല്ല തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ ഭാവിയിൽ എല്ലാ തരം ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന ഭൂപടങ്ങൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഔദ്യോഗിക രേഖയായി ഉണ്ടാകേണ്ടത് എത്രയും അവശ്യമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കരുതുന്നു.

3. ഇതിനു പുറമെ, ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ പുനർവിഭജിക്കുകയോ നിലവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിക്കുകയോ ചെയ്യുന്ന പക്ഷം മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കുന്ന ഭൂപടങ്ങൾ വളരെ പ്രയോജനകരമാകും. ഇത് ഒരു പൊതു വിവരണ രേഖയായി സൂക്ഷിക്കാനുമാകും.

4. സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2015 ഒക്ടോബറിന് മുമ്പ് പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. പ്രസ്തുത തിരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ വാർഡുകൾ അടയാളപ്പെടുത്തി നിശ്ചിത സ്കെയിലിൽ ഭൂപടങ്ങൾ സർവെ വകുപ്പ് മുഖാന്തിരം തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 ൽ നടത്തുന്ന പൊതു തിരഞ്ഞെടുപ്പിന് ഫോട്ടോപതിച്ച വോട്ടർപട്ടിക ഉപയോഗിക്കാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ബൂത്ത് തലത്തിലുള്ള വോട്ടർപട്ടിക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിലവിലെ വാർഡുകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതുണ്ട്. കൂടാതെ, 2015 ലെ പൊതുതിരഞ്ഞെടുപ്പിന് ത്രിതല പഞ്ചായത്തുകൾ ഉൾപ്പടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്താനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് നിലവിലുള്ള പോളിംഗ് ബൂത്തുകൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ / സ്ഥാപനങ്ങളിൽ പുനഃക്രമീകരിക്കേണ്ടതായുണ്ട്. പ്രസ്തുത സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടങ്ങൾ യഥാർത്ഥ ആകൃതിയിലും നിശ്ചിത സ്കെയിലിലും വലിപ്പത്തിലും തയ്യാറാക്കേണ്ടതുണ്ട്.

6. ഈ ഉദ്യമത്തിന്റെ ഭാഗമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർവെ ആൻഡ് ലാന്റ് റിക്കാർഡ്സ് ഡയറക്ടറുമായി കൂടിയാലോചന നടത്തിയതിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യങ്ങൾക്ക് തികച്ചും അനുയോജ്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപരിധിയ്ക്കുള്ളിലെ വിവിധ അടയാളങ്ങളും പ്രകൃതിദത്തമായ പ്രത്യേകതകളും പ്രത്യേകം പാളികളായി തരംതിരിച്ച് രേഖപ്പെടുത്തി കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കിയ ഭൂപടങ്ങളാണ് വകുപ്പിന്റെ പക്കലുള്ളതെന്ന് ബോധ്യപ്പെട്ടു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടനിർമ്മാണ ദൗത്യത്തിന് സർവെ ആൻഡ് ലാന്റ് റിക്കാർഡ്സ് വകുപ്പിന്റെ എല്ലാ സഹായവും ഡയറക്ടർ വാഗ്ദാനം ചെയ്തു.

7. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗര വികസന ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവരുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കൂടിയാലോചനകൾ നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം നിശ്ചിത സ്കെയിലിലും സൈസിലും തയ്യാറാക്കുന്നത് ഒരു പൊതു വിവരണ രേഖയായി സൂക്ഷിക്കാനാകുമെന്നും അതു ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗ രേഖയായി ഉപയോഗിക്കാനാകുമെന്നും പ്രസ്തുത അധികാരികൾ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാവിധ പ്രവർത്തനങ്ങൾക്കും പ്രസ്തുത വകുപ്പുകളിലെ ജീവനക്കാരുടെ സേവനം വാഗ്ദാനം ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുമായി നടത്തിയ കൂടിയാലോചനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂപടം തയ്യാറാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങളിലെ എൻജിനീയർമാരുടെ സേവനം വിനിയോഗിക്കാനാകുമെന്ന് അറിയിക്കുകയും ചെയ്തു.

. . . . 3/-

8. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, സർവ്വെ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത്, നഗരകാര്യ, ഗ്രാമവികസന വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിന്റേയും സഹായത്തോടെ സംസ്ഥാനത്തെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2010 ലെ വാർഡ് വിഭജന ഉത്തരവുകൾക്ക് വിധേയമായും സർവെ വകുപ്പ് ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ള രാഷ്ട്രീയ ഭൂപടത്തെ അടിസ്ഥാനമാക്കിയും തയ്യാറാക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു. ഭൂപടനിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഉദ്യോഗസ്ഥർക്കുള്ള അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടനിർമ്മാണവുമായി നേരിട്ട് ബന്ധപ്പെടുന്ന ഫീൽഡ് ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ് തലവന്മാർ പ്രത്യേകം അനുബന്ധ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

**പി. ഗീത**

സെക്രട്ടറി

ഡയറക്ടർ, സർവെ വകുപ്പ്
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
നഗരകാര്യ വകുപ്പിലെ എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും (ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ മുഖേന)
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർക്കും (സെക്രട്ടറിമാർ മുഖേന)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :-

എല്ലാ നോഡൽ ഓഫീസർമാർക്കും,സീനിയർ ഫിനാൻസ് മാനേജർ
ലാ ഓഫീസർ
പി.ആർ.ഒ.
കൺസൾട്ടന്റ്
എല്ലാ സെക്ഷനുകൾക്കും
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ പി.എ.
സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# അനുബന്ധം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം തയ്യാറാക്കൽ

## മാർഗ്ഗനിർദ്ദേശങ്ങൾ

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂപടങ്ങൾ നിശ്ചിത സ്കെയിലിന്റെ അടിസ്ഥാനത്തിൽ സർവെ വകുപ്പ് മുഖേന തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**സർവെ വകുപ്പ്**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടങ്ങൾ മൂന്ന് ഘട്ടങ്ങളിലായാണ് തയ്യാറാക്കേണ്ടത്.
2. ഒന്നാം ഘട്ടത്തിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയിലെ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ആകൃതിയിൽ അതിർത്തികൾ അടയാളപ്പെടുത്തി ഓരോ സ്ഥാപനത്തിനും പ്രത്യേകം ഭൂപടം ലഭ്യമാക്കണം.
3. പ്രസ്തുത ഭൂപടങ്ങളിൽ നദികൾ, പുഴകൾ, തോട്, റോഡ്, വനപ്രദേശം, റെയിൽവേ ലെയിൻ പോലുള്ള ഭൂഅടയാളങ്ങൾ രേഖപ്പെടുത്തണം.
4. ഗ്രാമപഞ്ചായത്തുകൾക്ക് എ3 സൈസ് പേപ്പറിലും മുനിസിപ്പാലിറ്റികൾക്ക് എ2 സൈസിലും കോർപ്പറേഷനുകൾക്ക് എ1 സൈസിലും ആണ് ഭൂപടങ്ങൾ തയ്യാറാക്കേണ്ടത്.
5. ഓരോ തലത്തിലുള്ള സ്ഥാപനങ്ങളുടെ ഭൂപടങ്ങൾ നിശ്ചിത സ്കെയിലിലാണ് തയ്യാറാക്കേണ്ടത്.
6. മേൽപറഞ്ഞ പ്രകാരം തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയുടെ ഭൂപടങ്ങൾ സോഫ്റ്റ് & ഹാർഡ് കോപ്പികളായി ലഭ്യമാക്കേണ്ടതാണ്.
7. രണ്ടാംഘട്ടത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ നിന്നും വാർഡുകൾ അടയാളപ്പെടുത്തി കിട്ടുന്ന ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ഭൂപടം തയ്യാറാക്കണം.
8. ബ്ലോക്ക് പഞ്ചായത്തുകളുടെ ഭൂപടം എ2 സൈസ് പേപ്പറിലാണ് തയ്യാറാക്കേണ്ടത്.
9. ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപടം തയ്യാറാക്കുമ്പോൾ ബ്ലോക്ക് പ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ള മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങൾ പ്രത്യേകം ഷെയ്ഡ് ചെയ്യണം.
10. മൂന്നാം ഘട്ടത്തിൽ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വാർഡുകൾ വരച്ച് ലഭ്യമാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ഭൂപടങ്ങൾ അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്തിന്റെ ഭൂപടം എ1 സൈസ് പേപ്പറിൽ തയ്യാറാക്കണം.
11. ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപടം തയ്യാറാക്കുമ്പോൾ ആ ജില്ലയുടെ ഭൂപ്രദേശത്ത് ഉൾപ്പെട്ട് വരുന്ന മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങൾ പ്രത്യേകം ഷെയ്ഡ് ചെയ്യേണ്ടതാണ്.
12. ജില്ലാ പഞ്ചായത്തുകളിൽ നിന്നും വാർഡുകൾ വരച്ച് തിരികെ ലഭ്യമാക്കുന്നതനുസരിച്ച് AutoCAD സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ത്രിതല പഞ്ചായത്തുകളുടെ ഭൂപടം തയ്യാറാക്കണം.
13. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ നിന്നും വാർഡുകൾ വരച്ച് തിരികെ ലഭ്യമാക്കുന്നതനുസരിച്ച് AutoCAD സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അവയുടെ ഭൂപടങ്ങൾ തയ്യാറാക്കണം.

**ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറി & എൻജിനീയർ**

1. സർവെ വകുപ്പിൽ നിന്നും നിശ്ചിത സൈസിൽ ലഭിക്കുന്ന ഭൂപടങ്ങളിൽ (ഹാർഡ് കോപ്പിയിൽ) ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ എൻജിനീയർ നിലവിലെ വാർഡുകളുടെ അതിർത്തികൾ വരയ്ക്കണം. ഫീൽഡ് തല പരിശോധന നടത്തി വേണം വാർഡുകളുടെ അതിർത്തി വരയ്ക്കേണ്ടത്.

. . . . 2/-

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ അതിർത്തികൾ വരയ്ക്കുന്നത് 2010 ലെ ഡീലിമിറ്റേഷൻ കമ്മീഷൻ ഉത്തരവിലെ അനുബന്ധം 5 ലെ അതിർത്തികൾക്ക് അനുസൃതമായിട്ടായിരിക്കണം.
3. ഓരോ വാർഡിലും ഉൾപ്പെട്ട് വരുന്ന ഭൂഅടയാളങ്ങൾ വ്യക്തമാകുന്ന തരത്തിൽ വാർഡുകൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകി വാർഡ് നമ്പരും പേരും കൂടി ഉൾപ്പെടുത്തേണ്ടതാണ്. മറ്റ് ശ്രദ്ധേയമായ ഭൂഅടയാളങ്ങൾ കൂടി ഉൾപ്പെടുത്തണം.
4. മേൽ സൂചിപ്പിച്ച പ്രകാരം തയ്യാറാക്കുന്ന ഭൂപടങ്ങളിൽ '2010 ലെ വാർഡ് വിഭജന ഉത്തരവിന് (നമ്പർ......... , തീയതി..............) വിധേയമായിട്ടാണ് വാർഡുകളുടെ അതിർത്തികൾ വരച്ച് ഭൂപടം തയ്യാറാക്കിയിട്ടുള്ളതെന്ന് ' സാക്ഷ്യപ്പെടുത്തി സെക്രട്ടറിയും എൻജിനീയറും ഒപ്പ് വയ്ക്കണം.

5. മേൽപ്പറഞ്ഞ പ്രകാരം ഭൂപടങ്ങളുടെ മൂന്ന് കോപ്പികൾ തയ്യാറാക്കി ഒരു കോപ്പി ബന്ധപ്പെട്ട സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും രണ്ട് കോപ്പികൾ നിശ്ചിത സമയത്തിനകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം 2010 ൽ ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകരിച്ച ഭൂപടത്തിന്റെ ഒരു പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി & എൻജിനീയർ**

1. സർവെ വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ഭൂപ്രദേശം ഉൾപ്പെടുന്ന ഭൂപടത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ എൻജിനീയർ വാർഡുകളുടെ അതിർത്തികൾ വരച്ച് വാർഡ് നമ്പരും പേരും ഉൾപ്പെടുത്തേണ്ടതാണ്.
2. ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ ഉൾപ്പെട്ട് വരുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ ബ്ലോക്ക് പഞ്ചായത്ത് വാർഡ് പ്രദേശങ്ങൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകേണ്ടതാണ്.
3. മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപടത്തിൽ '2010 ലെ വാർഡു വിഭജന ഉത്തരവിന് (നമ്പർ........... , തീയതി..............) വിധേയമായിട്ടാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളതെന്നു' സാക്ഷ്യപ്പെടുത്തി സെക്രട്ടറിയും എൻജിനീയറും ഒപ്പിട്ടിരിക്കണം.
4. മേൽപ്പറഞ്ഞ പ്രകാരം ഭൂപടങ്ങളുടെ മൂന്ന് കോപ്പികൾ തയ്യാറാക്കി ഒരു കോപ്പി ബന്ധപ്പെട്ട സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും രണ്ട് കോപ്പികൾ നിശ്ചിത സമയത്തിനകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം 2010 ൽ ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകരിച്ച ഭൂപടത്തിന്റെ ഒരു പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

**ജില്ലാ പഞ്ചായത്ത് സെക്രട്ടറി & എൻജിനീയർ**

1. സർവെ വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന ജില്ലാ പഞ്ചായത്ത് ഭൂപടത്തിൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ എൻജിനീയർ ജില്ലാ പഞ്ചായത്ത് വാർഡുകളുടെ അതിർത്തികൾ രേഖപ്പെടുത്തി വാർഡ് നമ്പരും പേരും ചേർക്കേണ്ടതാണ്.
2. ഒരു ജില്ലാ പഞ്ചായത്തിന്റെ വാർഡുകൾ വരയ്ക്കുമ്പോൾ അവയ്ക്കുള്ളിൽ വരുന്ന ബ്ലോക്ക് പഞ്ചായത്ത് വാർഡുകളുടേയും ഗ്രാമപഞ്ചായത്ത് വാർഡുകളുടേയും അതിർത്തികൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ജില്ലാ പഞ്ചായത്ത് വാർഡ് പ്രദേശങ്ങൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകേണ്ടതുമാണ്.
3. മേൽപറഞ്ഞ പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ഭൂപടം തയ്യാറാക്കി അതിൽ '2010 ലെ വാർഡു വിഭജന ഉത്തരവിന് (നമ്പർ.......... , തീയതി..............) വിധേയമായിട്ടാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളതെന്നു' സാക്ഷ്യപ്പെടുത്തി സെക്രട്ടറിയും എൻജിനീയറും ഒപ്പിട്ടിരിക്കണം.
4. മേൽപ്പറഞ്ഞ പ്രകാരം ഭൂപടങ്ങളുടെ മൂന്ന് കോപ്പികൾ തയ്യാറാക്കി ഒരു കോപ്പി ബന്ധപ്പെട്ട സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും രണ്ട് കോപ്പികൾ നിശ്ചിത സമയത്തിനകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം 2010 ൽ ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകരിച്ച ഭൂപടത്തിന്റെ ഒരു പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

. . . . 3/-

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ**

1. ഭൂപടനിർമ്മാണം സംബന്ധിച്ച് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ജില്ലാ തലത്തിൽ യോഗം വിളിച്ച് ചേർത്ത് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും എൻജിനീയർമാർക്കും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
2. സർവെ വകുപ്പിൽ നിന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ലഭ്യമാക്കുന്ന ഭൂപടങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്.
3. ഒന്നാംഘട്ടത്തിൽ തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ഭൂപടങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

**മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ചുവടെപ്പറയുന്ന സമയക്രമം പാലിക്കേണ്ടതാണ്.**

- സർവെ വകുപ്പിൽ നിന്നും നിശ്ചിത സ്കെയിലിൽ ഭൂപടങ്ങൾ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയ്ക്ക് ലഭ്യമാക്കുന്നത് - 15.07.2014
- ജില്ലാ തിരഞ്ഞെടുപ്പ് ഊദ്യോഗസ്ഥർ സെക്രട്ടറിമാരുടേയും എൻജിനീയർമാരുടേയും യോഗം വിളിക്കുന്നത് - 17.07.2014
- ഗ്രാമപഞ്ചായത്തുകളിൽ നിന്നും വാർഡുകൾ വരച്ച് തിരികെ കളക്ടറേറ്റുകളിൽ ലഭ്യമാക്കുന്നത് - 29.07.2014
- അവ സർവെ വകുപ്പിന് ലഭ്യമാക്കുന്നത് - 31.07.2014
- മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ നിന്ന് വാർഡുകൾ വരച്ച് തിരികെ ലഭ്യമാക്കുന്നത് - 05.08.2014
- സർവെ വകുപ്പ് ഗ്രാമപഞ്ചായത്ത് വാർഡുകളെ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഭൂപടങ്ങൾ തയ്യാറാക്കി ലഭ്യമാക്കൽ - 13.08.2014
- ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വാർഡുകളുടെ അതിർത്തികൾ വരച്ച് തിരികെ ലഭ്യമാക്കേണ്ടത് - 20.08.2014
- സർവെ വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ ഭൂപടം ബന്ധപ്പെട്ട സ്ഥാപനത്തിന് ലഭ്യമാക്കേണ്ടത് - 24.08.2014
- ജില്ലാ പഞ്ചായത്തിന്റെ വാർഡുകൾ വരച്ച് തിരികെ നൽകൽ - 30.08.2014
- സർവ്വേ വകുപ്പിൽ നിന്നും ഭൂപടങ്ങൾ Auto CAD ൽ തയ്യാറാക്കി ലഭ്യമാക്കുന്നത്. - 12.09.2014

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ : 2068/എൽ/2014/സം.തി.ക. 21.05.2014.

## <u>സർക്കുലർ</u>

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി, ജനറൽ കമ്മിറ്റി യോഗങ്ങൾക്ക് പ്രത്യേകം മിനിറ്റ്സ് ബുക്ക് സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനറൽ കമ്മിറ്റി യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ, ഗ്രാമസഭാ യോഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ധാരാളം പരാതികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ലഭിക്കുന്നുണ്ട്. പ്രസ്തുത പരാതികൾ വിശദമായി പരിശോധിക്കുന്ന വേളയിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ / കോർപ്പറേഷനിലെ ജനറൽ കമ്മിറ്റി മീറ്റിംഗിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളുടേയും യോഗനടപടികൾ (മിനിറ്റ്സ്) ഒരു രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തുന്നതായി മനസ്സിലാക്കുന്നു. കൂടാതെ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിനും, സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിനും പ്രത്യേകം നോട്ടീസ് ബുക്കുകൾ ഉപയോഗിക്കുന്നില്ലായെന്നും കാണുന്നു.ഇത് പരാതികൾ തീർപ്പാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ 26(3) കേരള പഞ്ചായത്ത് രാജ് ആക്ട് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ 16(11) കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ 14(2)(3) കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ 16(11) എന്നീ ചട്ടങ്ങളിൽ ജനറൽ കമ്മിറ്റികൾക്കും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും മിനിറ്റ്സ് ബുക്ക് സൂക്ഷിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജനറൽ കമ്മിറ്റി യോഗങ്ങൾക്കും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾക്കും പ്രത്യേകം പ്രത്യേകം മിനിറ്റ്സ് ബുക്കുകൾ സൂക്ഷിക്കുന്നതാണ് യോഗത്തിന്റെ സുതാര്യത നിലനിർത്തുന്നതിന് സഹായകരമായിട്ടുള്ളത്.

.....2...

ആയതിനാൽ ജനറൽ കമ്മിറ്റികൾക്കും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ചട്ടപ്രകാരമുള്ള പ്രത്യേകം മിനിറ്റ്സ് ബുക്കുകൾ തന്നെ എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. പഞ്ചായത്തു കമ്മിറ്റികൾക്കും, സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേകം നോട്ടീസ് ബുക്കുകൾ ഉപയോഗിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

**പി. ഗീത**

സെക്രട്ടറി

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

ഉത്തരവിൻ പ്രകാരം,

ഒപ്പ്

സെക്ഷൻ ഓഫീസർ

**PROCEEDINGS OF THE STATE ELECTION COMMISSION, KERALA. THIRUVANANTHAPURAM.**

State Election Commission – Elections to Local Self Government Institutions – Hire charges of private vehicles engaged for election duties – rates revised – Orders issued.

---

**No. 262/2014/SEC. Dated, Thiruvananthapuram, 17.05.2014.**

---

Read:- 1. Proceedings No. 321/2009/SEC, dated 04.06.2009.
2. Proceedings No. 698/2010/SEC, dated 03.11.2010.
3. GO(Rt) No. 177/14/Election, dated 09.04.2014.
4. Letter No. EL-2/24904/2014(2), dated 06.05.2014 of the District Collector, Thrissur.

**O R D E R**

As per the Government Order read as 3rd paper above, Government revised the Hire charges of Light and Heavy (Private) vehicles engaged for the election duties in connection with the General Election to Loksabha held in April, 2014. The District Collector, Thrissur, as per the letter read as 4th paper above, has requested for clarification regarding the payment of hire charges of the vehicles engaged on election duties of Local Self Government Institutions at the rates fixed by the Government in the Loksabha election held in April, 2014.

2. The Commission examined the matter in detail. In view of the revision of hire charges of Light and Heavy vehicles engaged for election duties in Loksabha elections as per the Government Order read as 3rd paper above, the Commission is pleased to revise the rate of hire charges of Light and Heavy (Private) vehicles engaged on the duties of election to the Local Self Government Institutions as stated below.

| Class | Daily (24 Hrs) ₹ | ₹ / Hr. | Daily distance limit | Excess charge / KM (₹) |
|---|---|---|---|---|
| **Buses:** Seating capacity of not less than 30 person (Excluding driver and conductor) | 5000 | ₹ 180/Hr and part thereof in excess of 24 hrs subject to a maximum of ₹ 5000/- per day | 200 KM | ₹ 25/KM |
| **Mini Buses:** Seating capacity of less than 30 person (Excluding driver and conductor) | 3000 | ₹ 180/Hr and part thereof in excess of 24 hrs subject to a maximum of ₹ 3000/- per day | 200 KM | ₹ 14/KM |

| Category of contract carriages | Rate of hire charges | Detention charge |
|---|---|---|
| **Motor cabs** (tourist motor cabs and ordinary motor cabs with a seating capacity of not more than 7 persons including driver) Cars & Jeeps, Maruti van / permitted vans. | ₹ 9/- per KM subject to a minimum of ₹100/- for a distance up to 5 Kilometers. In the case of air conditioned motor cabs, 10% of the hire charges may be charged additionally. | ₹ 50/- per hour subject to a maximum of ₹ 500/- per day. |

3. The rates of hire charges sanctioned above are inclusive of all charges like cost of petrol / diesel, etc. Drivers of the vehicles engaged only on polling duties will be provided with food packets @ not exceeding ₹ 150/- per day and an allowance of ₹ 100/-.

4. The above rates will come into force prospectively and shall have no retrospective effect.

5. The expenditure in this regard will be debited to the Head of Account "2015–00–109–99–34 OC".

**Roy Francis Joseph**
Secretary (in-charge)

All District Collectors.

The Principal Accountant General (A&E / Audit), Kerala, Thiruvananthapuram.

The Director of Treasuries, Thiruvananthapuram.

All Returning Officers of LSGIs (through the District Election Officers).

Principal Secretary, Local Self Government Department (with CL).

Computer Programmer, www.sec.kerala.gov.in

Copy to:-

PA to Commissioner

CA to Secretary.

All Officers / Sections.

Stock file / Office copy

Forwarded/By Order,

Sd/-

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2014 മേയ് 22 (വ്യാഴം)-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 246/2014/സം.തി.ക. തീയതി, തിരുവനന്തപുരം, 2014 മേയ് 12

---

പരാമർശം : 1. 2012 മേയ് 22-ലെ സ.ഉ.(അ) 136/2012/ത.സ്വ.ഭ.വ-ാം നമ്പർ സർക്കാർ വിജ്ഞാപനം.

2. 2012 ജൂലൈ 02-ലെ സ.ഉ.(അ) 185/2012/ത.സ്വ.ഭ.വ -ാം നമ്പർ സർക്കാർ വിജ്ഞാപനം.

## <u>ഉത്തരവ്</u>

പരാമർശത്തിലെ വിജ്ഞാപനങ്ങൾ പ്രകാരം 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം ഉപചട്ടങ്ങൾക്ക് ഭേദഗതി വരുത്തിയതിന്റെയടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. പ്രസ്തുത സാഹചര്യത്തിൽ **2014 മേയ് 22 (വ്യാഴം)** - ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ, അല്ലെങ്കിൽ പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെ. ശശിധരൻ നായർ,

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

**PROCEEDINGS OF THE STATE ELECTION COMMISSION, KERALA.**

**THIRUVANANTHAPURAM.**

State Election Commission – Elections to Local Self Government Institutions – Remunerations to personnel posted for election duties – rates revised – Orders issued.

---

**No. 239/2014/SEC. Dated, Thiruvananthapuram, 09.05.2014.**

---

Read:- 1. Proceedings No. 320/2009/SEC, Dated 4.06.2009.

2. GO(Rt) 107/14/Election, dated 15.03.2014.

3. Letter No. E2-15520/14, dated 5.05.2014 of the District Collector, Thiruvananthapuram.

**O R D E R**

As per the proceedings read as 1st paper above, the Commission had fixed the rate of remuneration as ` 250, ` 175 and ` 100 to various categories of employees who were engaged on duties of General Election 2010 and in subsequent by-elections. In connection with the General Election to Loksabha held in April 2014, as per Government order read as 2nd paper above Government revised the rate of remuneration to the officials who are engaged on election duties. The District Collector, Thiruvananthapuram, as per the letter read as 3rd paper above, has requested for clarification regarding the payment of remuneration to officials who are engaged on election duties of Local Self Government Institutions at the rates fixed by the Government in the Loksabha election held in April, 2014.

2. The Commission examined the matter in detail. In view of the revision of rates of remuneration to the personnel engaged for election duties in Loksabha elections as per the Government order read as 2nd paper above, the Commission is pleased to revise the rates of remuneration to staff deployed on polling and counting duties of Local Self Government Institutions elections as stated below.

| Sl.No. | Category | Remuneration per day |
|---|---|---|
| 1. | Presiding Officer/ Counting Supervisor | ₹350 |
| 2. | Polling Officers / Counting Assistants | ₹250 |
| 3. | Class IV | ₹150 |

3. The above rates are payable to the staff for attending training classes also. The officials, who are deployed for the duties of distribution and reception of polling materials, are also eligible for remuneration at the above rate.

4. The staff who are deployed for polling and counting duties and those who are engaged on specific election duties including training classes for more than 7 hours in a day shall be provided packed food or food allowance @ ₹ 150 per head per day.

5. The above rates will come into force prospectively and shall have no retrospective effect.

6. The expenditure in this regard will be debited to the Head of Account "2015–00–109–99–34 OC".

**Roy Francis Joseph**
Secretary (in-charge)

All District Collectors.
The Principal Accountant General (A&E / Audit), Kerala, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.

All Returning Officers of LSGIs (through the District Election Officers).

Principal Secretary, Local Self Government Department (with CL).

Computer Programmer, www.sec.kerala.gov.in

Forwarded/By Order,

Sd/-

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2014 മേയ് 22 (വ്യാഴം)-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് -ഇടതു കൈയ്യിലെ നടുവിരലിൽ ആയിരിക്കണം മായാത്ത മഷി പുരട്ടേണ്ടത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

നമ്പർ : 238/2014/സം.തി.ക. തീയതി, തിരുവനന്തപുരം, 09.05.2014.

=====================================================================

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിലും 2014 മേയ് 22 (വ്യാഴം)-ാം തീയതിയിൽ ഉപതിരഞ്ഞെടുപ്പ് നടത്തുവാൻ 25.4.2014-ലെ 117/2014/സം.തി.ക., 120/2014/സം.തി.ക. എന്നീ നമ്പറുകൾ പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാരുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരലിൽ മായാത്ത മഷി അടയാളപ്പെടുത്തിയ സാഹചര്യത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടത്തിലെ 33(3)(4) ചട്ടങ്ങളിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട്, 2014 മേയ് 22 (വ്യാഴം)-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഉപതിരഞ്ഞെടുപ്പിന് വോട്ടർമാരുടെ ഇടതുകൈയ്യിലെ നടുവിരലിൽ മായാത്ത മഷി പുരട്ടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെ. ശശിധരൻ നായർ,

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ,

തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/ തൃശ്ശൂർ/

പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്.

എല്ലാ വരണാധികാരികൾക്കും,എല്ലാ ഓഫീസർമാർക്കും,കൺസൽട്ടന്റ് (പത്രക്കുറിപ്പ് നൽകുന്നതിനായി)

കംപ്യൂട്ടർ പ്രോഗ്രാമർക്ക് (www.sec.kerala.gov.in),കമ്മീഷണറുടെ പി.എ.യ്ക്ക്,സെക്രട്ടറിയുടെ സി.എ.യ്ക്ക്

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

**ഒപ്പ്**

സെക്ഷൻ ആഫീസർ

# കേരള  സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ  - 2015 - ലെ പൊതുതിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ - ഹെൽപ്പ് ഡെസ്ക് രൂപീകരണം -  സംബന്ധിച്ച് :-

---

നമ്പർ:  /2014/സം.തി.ക.    തിരുവനന്തപുരം, 2014 ഫെബ്രുവരി

---

പരാമർശം :   12.02.2014-ാം തീയതി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കും സംശയ നിവാരണത്തിനായി ടെലിഫോൺ മുഖാന്തിരം ബന്ധപ്പെടുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ താഴെപറയുന്നവരെ ഉൾപ്പെടുത്തി ഒരു  ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് ഉത്തരവാകുന്നു.

| | | ഓഫീസ് നമ്പർ | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | ശ്രീ. ഭദ്രകുമാർ ആർ., ലാ ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 0471-2334733 | 9562559242 |
| 2. | ശ്രീ. കെ.ടി. ജോർജ്ജ്, പി.എ ടു. കമ്മീഷണർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 0471-2320765 | 9447589017 |

ഒപ്പ്

**കെ. ശശിധരൻനായർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

**PROCEEDINGS OF THE STATE ELECTION COMMISSION, KERALA,THIRUVANANTHAPURAM**

State Election Commission – Order of Election Tribunal / Appellate Authority – Publishing – reg.

---

No. 540/2013/SEC. Dated, Thiruvananthapuram, 02.12.2013.

---

**ORDER**

As per section 106 and 114(2)(b) of the Kerala Panchayath Raj Act and Section 182 and 190(2)(b) of the Kerala Municipality Act cast a duty on the State Election Commission to cause the order / decision of the Election Tribunal / Appellate Authority to be published in such manner as the State Election Commission may deem fit.

The State Election Commission has not so far prescribed the manner in which the order / decision has to be published. In order to satisfy the above requirement, the Commission directs that the following proceedure in the matter of publication has to be complied with, namely:-

It shall be published,-

(i) in so far as the said order / decision relates to the Election Petition of a member of a Village Panchayat, in the office of the concerned Village Panchayat, Panchayat notice boards and Village Offices in that Village Panchayat area;

(ii) in so far as the said order / decision relates to the Election Petition of a member of a Block Panchayat, in the office of the concerned Block Panchayat and in the Village Panchayat offices of that Block Panchayat area;

(iii) in so far as the said order / decision relates to the Election Petition of a member of a District Panchayat, in the office of the concerned District Panchayat, Block Panchayat offices and Village Panchayat Offices of that District Panchayat area.

The fact of such affixture shall also be in local language by publishing it in a newspaper having wide circulation in that local area. Moreover, the fact of such publication shall also be communicated to the State Election Commission, forthwith.

(By Order of the Commissioner)

Sd/-

**P. Geetha**

Secretary

To

All Secretaries of local bodies

# STATE ELECTION COMMISSION, KERALA

**THIRUVANANTHAPURAM – 695 033**

## NOTIFICATION

*No. 143 /2013/SEC* *Dated, Thiruvananthapuram, 1st July 2013*

In exercise of the powers conferred under sub section (1) of Section 15 of the Kerala Panchayat Raj Act, 1994, the State Election Commission hereby designate the Assistant Secretaries of the Grama Panchayats as Assistant Electoral Registration Officers in their respective jurisdiction in addition to the Assistant Electoral Registration Officers already designated as per Notification No. 229/2004/SEC dated 13th August 2004 and No. 169/2010/SEC dated 3rd July , 2010.

Sd/-

Office of the State Election Commission, K. SASIDHARAN NAIR

L.M.S. Junction, Thiruvananthapuram- 33 State Election Commissioner

# STATE ELECTION COMMISSION, KERALA

THIRUVANANTHAPURAM – 695 033


# NOTIFICATION

No. 169/2010/SEC Dated, Thiruvananthapuram, 3rd July, 2010

In partial modification of the Orders issued in the Notification No.229/2004/SEC dated 13th August, 2004 published in the Kerala Gazette Extraordinary No. 1755 on the same day and by virtue of the powers conferred by sub-section (1) of section 15 of the Kerala Panchayat Raj Act, 1994 (13 of 1994), the State Election Commission hereby designate the Accountants of the Grama Panchayats as Assistant Electoral Registration Officers in addition to the Assistant Electoral Registration Officers already appointed for all constituencies comprised in the Grama Panchayats of his jurisdiction for the purpose of the said Act.

Sd/-

P. KAMALKUTTY

STATE ELECTION COMMISSIONER

Office of the State Election
Commission, L.M.S. Junction,
Thiruvananthapuram-33.

# STATE ELECTION COMMISSION, KERALA

THIRUVANANTHAPURAM – 695 033


## NOTIFICATION

NO.182/2010/SEC. Dated, Thiruvananthapuram, 15th July 2010.

In partial modification of the directions issued in letter No.6598/B/2007/SEC. dated 15-06-2010 and in exercise of the powers conferred under proviso to rule 10 of the Kerala Panchayat Raj (Registration of Electors) Rules, 1994, the State Election Commission hereby extend the period for lodging claims and objections on the draft of electoral rolls in respect of all wards of the Panchayats in the State, published by the Electoral Registration Officers under Rule 8 of the said Rules upto and including 17th July 2010.

Sd/-

P. KAMALKUTTY

STATE ELECTION COMMISSIONER

OFFICE OF THE STATE
ELECTION COMMISSION,
THIRUVANANTHAPURAM-33.


**Corporation Office Complex, L.M.S. Junction, Thrivananthapuram – 695 033, Phone : 0471-2325048, 2337884**

Fax : 0471-2338288, email : electionker@sify.com, Website : www.electionker.org

# STATE ELECTION COMMISSION, KERALA

THIRUVANANTHAPURAM – 695 033

## NOTIFICATION

NO.183/2010/SEC. Dated, Thiruvananthapuram, 15th July 2010.

In partial modification of the directions issued in letter NO.6598/B/2007/SEC. dated 15-06-2010 and in exercise of the powers conferred under proviso to rule 10 of the Kerala Municipalities (Registration of Electors) Rules, 1994, the State Election Commission hereby extend the period for lodging claims and objections on the draft of electoral rolls in respect of all wards of the Municipal Corporations and Municipalities in the State, published by the Electoral Registration Officers under Rule 8 of the said Rules upto and including 17th July 2010.

Sd/-

P. KAMALKUTTY,
STATE ELECTION COMMISSIONER.

OFFICE OF THE STATE
ELECTION COMMISSION,
THIRUVANANTHAPURAM-33

***തിരഞ്ഞെടുപ്പ് അടിയന്തിരം***

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം - 695 033

നമ്പർ:312/പി.എ./2010/സം.തി.ക. തീയതി : 03 .09.2010

പ്രേക്ഷിതൻ

സെക്രട്ടറി.

സ്വീകർത്താവ്

എല്ലാ ജില്ലാ കളക്ടർമാർക്കും.

സർ,

വിഷയം:- വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് - ഫീസ് സംബന്ധിച്ച വിവരങ്ങൾ

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.02.1998 -ലെ 597/എച്ച്/98 നമ്പർ സർക്കുലർ.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് / നീക്കം ചെയ്യുന്നത് സംബന്ധിച്ച് പൊതുജനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലേയ്ക്ക് നിരന്തരമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന ടി സർക്കുലറിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ നോട്ടീസ്ബോർഡിലും പ്രസിദ്ധീകരിക്കുന്നതിന് എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിലെ 22(2), 25(4), 26(ബി) എന്നീ ചട്ടങ്ങളനുസരിച്ച് വോട്ടർപട്ടികയിൽ പേര് ചേർക്കുക / നീക്കം ചെയ്യുക , ഇ.ആർ.ഒ-മാരുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ, ഡി.ഇ.ഒ -ക്കുള്ള അപ്പീൽ എന്നിവയ്ക്കുള്ള ഫീസ് താഴെപ്പറയുന്ന ഏതെങ്കിലും ഒരു മാർഗത്തിൽ ഒടുക്കിയാൽ മതിയാകും.

1. നോൺ - ജുഡീഷ്യൽ സ്റ്റാമ്പ് പതിക്കുക.

2. കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക.

3. ഏതെങ്കിലും സർക്കാർ ട്രഷറിയിൽ "0030 - 02 - സ്റ്റാമ്പ്സ് - നോൺ ജുഡീഷ്യൽ - 102 - സെയിൽ ഓഫ് സ്റ്റാമ്പ്സ് "എന്ന ശീർഷകത്തിൽ ഒടുക്കിയശേഷം ചെലാൻ രസീത് ഹാജരാക്കുക.

4. തുക ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ ആഫീസിൽ ഒടുക്കി രസീത് വാങ്ങുക. ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഈ തുക ഒന്നായി സർക്കാർ ട്രഷറിയിൽ "0070 - ഭരണപരമായ മറ്റ് സർവ്വീസുകൾ - 02 - തിരഞ്ഞെടുപ്പുകൾ - 104 - ഫീസും പിഴയും കണ്ടുകെട്ടലും - 94 തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള ഫീസ് " എന്ന ശീർഷകത്തിൽ ഒടുക്കുക.

വിശ്വസ്തതയോടെ,

(ഒപ്പ്)

ബി. ശ്രീദേവി,
സെക്രട്ടറി.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ - 2325048, 2337884
**Fax : 0471-2338288, email : electionker@sify.com, Website : www.electionker.org**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 240/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 22.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ജനുവരി 13-ാം തീയതിയിലെ 100-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 24/2010/സം.തി.ക. നമ്പർ വിജ്ഞാപനം റദ്ദുചെയ്തുകൊണ്ട് 2010 സെപ്തംബർ 8-ാം തീയതിയിലെ 2059-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 231/2010/സം.തി.ക. നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള വരണാധികാരികളായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരെതന്നെ പ്രസ്തുത പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനും കേരളാ പഞ്ചായത്ത് രാജ് നിയമം 162 (4 എ) വകുപ്പ് പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇതിനാൽ സ്ഥാനനിർദ്ദേശം ചെയ്യുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 241/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 22.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ജനുവരി 13-ാം തീയതിയിലെ 101-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 25/2010/സം.തി.ക. നമ്പർ വിജ്ഞാപനം റദ്ദുചെയ്തുകൊണ്ട് 2010 സെപ്തംബർ 8-ാം തീയതിയിലെ 2059-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 231/2010/സം.തി.ക. നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള വരണാധികാരികളായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരെതന്നെ പ്രസ്തുത പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനും കേരളാ പഞ്ചായത്ത് രാജ് നിയമം 162 (5 ബി) വകുപ്പ് പ്രകാരം കമ്മീഷനിൽ നിഷിപ്തമായ അധികാരം വിനിയോഗിച്ച് ഇതിനാൽ സ്ഥാനനിർദ്ദേശം ചെയ്യുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്

കമ്മീഷന്റെ കാര്യാലയം,

തിരുവനന്തപുരം-33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ:242/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 22.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ഫെബ്രുവരി 5-ാം തീയതിയിലെ 281-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 60/2010/സം.തി.ക. നമ്പർ വിജ്ഞാപനം റദ്ദുചെയ്തുകൊണ്ട് 2010 സെപ്തംബർ 8-ാം തീയതിയിലെ 2060-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 232/2010/സം.തി.ക. നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ/ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിനും മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പിനുമുള്ള വരണാധികാരികളായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരെതന്നെ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനും കേരളാ മുനിസിപ്പാലിറ്റി നിയമം 21-ാം വകുപ്പ് (3 എ) ഉപവകുപ്പ് പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇതിനാൽ സ്ഥാനനിർദ്ദേശം ചെയ്യുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്

കമ്മീഷന്റെ കാര്യാലയം,

തിരുവനന്തപുരം-33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 243/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 22.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ഫെബ്രുവരി 5-ാം തീയതിയിലെ 282-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 61/2010/സം.തി.ക. നമ്പർ വിജ്ഞാപനം റദ്ദുചെയ്തുകൊണ്ട് 2010 സെപ്തംബർ 8-ാം തീയതിയിലെ 2060-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കമ്മീഷന്റെ അതേ തീയതിയിലെ 232/2010/സം.തി.ക. നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ/ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിനും മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പിനുമുള്ള വരണാധികാരികളായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരെതന്നെ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനും കേരളാ മുനിസിപ്പാലിറ്റി നിയമം 21-ാം വകുപ്പ് (4 ഇ) ഉപവകുപ്പ് പ്രകാരം കമ്മീഷനിൽ നിഷിപ്തമായ അധികാരം വിനിയോഗിച്ച് ഇതിനാൽ സ്ഥാനനിർദ്ദേശം ചെയ്യുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്

കമ്മീഷന്റെ കാര്യാലയം,

തിരുവനന്തപുരം-33.